**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട** **20-06-2012-ൽ മറുപടിയ്ക്ക്**
**നിയമസഭാ ചോദ്യം നമ്പർ.*240.**

**പ്രത്യേക തൊഴിൽ മേഖല**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.എ.റ്റി.ജോർജ്ജ്:<br>ശ്രീ.ശിവദാസൻ നായർ:<br>ശ്രീ.പി.സി.വിഷ്ണുനാഥ്:<br>ശ്രീ.പി.എ.മാധവൻ: | ശ്രീ.ഷിബുബേബി ജോൺ<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രത്യേക തൊഴിൽ മേഖല രൂപവത്ക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) തീരുമാനിച്ചിട്ടില്ല. എന്നാൽ 35-ാമത് ദേശിയ ഗെയിംസ് നടത്തിപ്പിന്റെ മുഖ്യവേദിയായ തിരുവനന്തപുരം, കാര്യവട്ടം ഗ്രീൻ ഫീൽഡ് സ്റ്റേഡിയവും അതിനുചുറ്റുമുള്ള ഒരു കിലോമീറ്റർ പ്രദേശവും സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് ഉണ്ടാകാനിടയുള്ള തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിന് ഒരു പ്രത്യേക മേഖലയായി പ്രഖ്യാപിച്ച് ഉത്തരവായിട്ടുണ്ട്. സ.ഉ.(എം.എസ്) നം.78/2012/തൊഴിൽ തീയതി 29/05/2012. |
| (ബി) പ്രത്യേക തൊഴിൽ മേഖലയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) പ്രത്യേക തൊഴിൽ മേഖലയായി പ്രഖ്യാപിച്ചിട്ടുള്ള പ്രദേശത്ത് തൊഴിൽ തർക്കങ്ങൾ ഉണ്ടാകാതെ നോക്കുന്നതിനും ഏതെങ്കിലും തർക്കങ്ങൾ ഉണ്ടാവുകയാണെങ്കിൽ യഥാസമയം ഇടപെട്ട് പരിഹരിക്കുകയുമാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) എവിടെയൊക്കെയാണ് ഇത് രൂപവത്കരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) ഉത്തരം (എ) പറഞ്ഞിടത്ത് അല്ലാതെ മറ്റൊന്നും പരിശോധനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ